**പ്രസിദ്ധീകരണത്തിന്**

ശബരിമലയിലെ യുവതീപ്രവേശനവിഷയവുമായി ബന്ധപ്പെട്ട് വിശ്വാസ സംരക്ഷണാർത്ഥം നടത്തിയ നാമജപഘോഷയാത്രയിൽ പങ്കെടുത്ത സ്ത്രീകളടക്കം നിരവധി വിശ്വാസികളെ പ്രതിയാക്കി സംസ്ഥാനസർക്കാർ വിവിധ വകുപ്പുകളിലായി എടുത്ത കേസുകൾ ഇപ്പോഴും നിലനില്ക്കുകയാണ്. തൊഴിൽരഹിതരും വിദ്യാർത്ഥികളും സംസ്ഥാനത്തും വിദേശത്തും തൊഴിലിനായി കാത്തിരിക്കുന്നവരും ആയിട്ടുള്ളവരാണ് ഇതിൽ ഏറിയ ഭാഗവും. സന്നിധാനത്ത് ദർശനത്തിനായെത്തിയ നിരപരാധികളായ ഭക്തരും ഇതിൽ ഉൾപ്പെടുന്നുണ്ട്.

ഇതിലും വളരെ ഗൗരവമേറിയ പല കേസുകളും പല കാരണങ്ങളാലും ഈ സർക്കാർ നിരുപാധികം പിൻവലിച്ചുവരുന്ന സാഹചര്യത്തിൽ, നിരപരാധികളായ ഇവരുടെ പേരിൽ എടുത്തിട്ടുള്ള പ്രസ്തുത കേസുകൾ ഇനിയുമെങ്കിലും പിൻവലിക്കാനുള്ള ധാർമ്മികഉത്തരവാദിത്വം സർക്കാരിനുണ്ടാവണം. അല്ലാത്ത പക്ഷം വിശ്വാസികൾക്കെതിരെയുള്ള സർക്കാരിന്റെ പ്രതികാരമനോഭാവമായിരിക്കും ഇതിൽനിന്നും വ്യക്തമാകുന്നത്.

പെരുന്ന
14.2.2021

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി